# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6161 20.11.2019-ലെ മറുപടിയ്ക്ക്

## വനം - റവന്യൂ അതിർത്തികൾ വേർതിരിക്കൽ

ചോദ്യം

ശ്രീ.പി.കെ.ബഷീർ

മറുപടി

അഡ്വ. കെ.രാജു
(ബഹു. വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനം - റവന്യൂ അതിർത്തികൾ തിരിക്കാത്തതുമൂലം നിരവധി സ്ഥലങ്ങളിൽ നികുതി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്; ഇ.എഫ്.എൽ, നിക്ഷിപ്തവനം ഉൾപ്പെടെ വനഭൂമി സംബന്ധമായി വിവിധ കോടതികളിൽ കേസുകൾ നിലനിൽക്കുന്ന സാഹചര്യത്തിലും, വനം കയ്യേറ്റം നിലനിൽക്കുന്ന സ്ഥലങ്ങളിലും വനം-റവന്യൂ സംയുക്ത പരിശോധന പൂർത്തിയാകാത്ത സ്ഥലങ്ങളിലും വന അതിർത്തി നിർണ്ണയിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് വനം-റവന്യൂ വകുപ്പുകൾ തമ്മിൽ പ്രശ്നങ്ങൾ ഉള്ളത്; വെളിപ്പെടുത്തുമോ; | (ബി) | നോർത്ത് വയനാട് ഡിവിഷനിലെ പേര്യ, കാഞ്ഞിരങ്ങാട്, തൊണ്ടർനാട്, മാനന്തവാടി, തൃശ്ശിലേരി വില്ലേജുകളിൽ ഇ.എഫ്.എൽ നിയമപ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നും സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയുമായി അതിരു പങ്കിടുന്ന സ്ഥലങ്ങളിൽ ഇത്തരത്തിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. സൗത്ത് വയനാട് ഡിവിഷനു കീഴിലെ കൽപ്പറ്റ റെയിഞ്ചിൽ കൽപ്പറ്റ സെക്ഷൻപരിധിയിൽ വരുന്ന വൈത്തിരി താലൂക്ക്, കുന്നത്തിടവക വില്ലേജിലെ മണ്ടമലഭാഗത്ത് ഇ.എഫ്.എൽ വനാതിർത്തികളിലും പടിഞ്ഞാറെത്തറ സെക്ഷൻ പരിധിയിൽ വരുന്ന പടിഞ്ഞാറെത്തറ വില്ലേജിലെ കാപ്പിക്കളം, നായ്മൂല ഭാഗത്തെ നിക്ഷിപ്ത വനാതിർത്തികളിലും മേൽപ്പടി റെയിഞ്ചിലെ കോട്ടപ്പടി, മൂപ്പയിനാട്, വെള്ളരിമല, തൃക്കൈപ്പറ്റ എന്നീ വില്ലേജുകളിലും ചെതലത്ത് റെയിഞ്ചിലെ ഇരുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന ഇരുളം വില്ലേജിലെ അങ്ങാടിശ്ശേരിയിലും നികുതി സ്വീകരിക്കാത്ത പ്രശ്നം നിലനിൽക്കുന്നുണ്ട്. കാസർഗോഡ് ഡിവിഷനിലെ കാഞ്ഞങ്ങാട് റെയിഞ്ചിൽപ്പെട്ട സർവ്വേ നം. 588/2 ൽ പ്പെട്ട വി.എഫ്.സി ഐറ്റം നമ്പർ 54 പ്രാക്കാൽ എന്ന സ്ഥലത്തും ഇത്തരത്തിൽ പ്രശ്നം നിലനിൽക്കുന്നുണ്ട്. |

<table>
<tr><td></td><td></td><td></td><td>സൈലന്റ് വാലി ഡിവിഷനിലെ സൈലന്റ് വാലി റെയിഞ്ചിലെ ഉപ്പകളം, അമ്പലപ്പാറ, കൽക്കണ്ട് എന്നീ സ്ഥലങ്ങളിൽ വനം-റവന്യൂ അതിർത്തി പങ്കിടുന്നുണ്ട്. ടി സ്ഥലങ്ങളിൽ വനം-റവന്യൂ അതിർത്തികൾ തിരിക്കാത്തതുമൂലം വനഭൂമിയോട് ചേർന്ന് കിടക്കുന്നതും വനഭൂമി ഉൾപ്പെടുന്ന സർവ്വേ നമ്പരിൽപ്പെട്ടതുമായ സ്വകാര്യ സ്ഥലങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിനും നികുതി സ്വീകരിക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെട്ട് വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾക്ക് നികുതി സ്വീകരിക്കുന്നതിനും, കൈമാറ്റം ചെയ്യുന്നതിനുമായി വനം വകുപ്പിൽ നിന്നും നിരാക്ഷേപപത്രം ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷകൾ ലഭിച്ചു വരികയും ആയതിൽ യഥാസമയത്ത് തീർപ്പ് കൽപ്പിക്കുകയും ചെയ്യുന്നുണ്ട്.<br>കൂടാതെ നിലമ്പൂർ നോർത്ത് ഡിവിഷൻ പരിധിയിലുള്ള ഊർങ്ങാട്ടിരി, എടവണ്ണ, വെറ്റിലപ്പാറ, പെരകമണ്ണ, പുള്ളിപ്പാടം, വഴിക്കടവ് എന്നീ വില്ലേജുകളിലെ ചില പ്രദേശങ്ങളിലും നികുതി സ്വീകരിക്കുന്നതിൽ പ്രശ്നങ്ങൾ ഉണ്ട്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത സ്ഥലങ്ങളിൽ 1/1/1977 ന ശേഷം സ്വകാര്യ വ്യക്തികൾ വനഭൂമി കയ്യേറിയിട്ടുണ്ടോ; വിശദാംശം നൽകുമോ;</td><td>(സി)</td><td>01.01.1977 ന ശേഷം 31.03.2017 വരെ ടി സ്ഥലങ്ങളിൽ വനഭൂമി കയ്യേറിയിട്ടുള്ളതിന്റെയും, ഒഴിപ്പിച്ചിട്ടുള്ളതിന്റെയും, ഇനിയും ഒഴിപ്പിക്കുവാനുള്ള തിന്റെയും ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>ഡിവിഷൻ</th><th>കയ്യേറിയ വനവിസ്തൃതി(ഹെക്ടറിൽ)</th><th>കയ്യേറ്റം ഒഴിപ്പിച്ചവ (ഹെക്ടറിൽ)</th><th>ഒഴിപ്പിക്കേണ്ട വനവിസ്തൃതി (ഹെക്ടറിൽ)</th></tr>
<tr><td>1</td><td>മണ്ണാർക്കാട്</td><td>2789.2233</td><td>88.8882</td><td>2700.3351</td></tr>
<tr><td>2</td><td>നിലമ്പൂർ നോർത്ത്</td><td>713.3659</td><td>30.8408</td><td>682.5251</td></tr>
<tr><td>3</td><td>വയനാട് നോർത്ത്</td><td>271.7400</td><td>99.8200</td><td>171.9200</td></tr>
<tr><td>4</td><td>വയനാട് സൗത്ത്</td><td>1259.2606</td><td>57.7633</td><td>1201.4973</td></tr>
<tr><td>5</td><td>കണ്ണൂർ</td><td>12.7484</td><td>1.7244</td><td>11.0240</td></tr>
</table></td></tr>
<tr><td>(ഡി)</td><td>കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ ആലപ്ര, പൊന്തൻപുഴ എന്നീ പ്രദേശങ്ങളുമായി ബന്ധപ്പെട്ട്</td><td>(ഡി)</td><td>എം.എസ്.എ 1/81 കേസിൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല വില്ലേജിൽപ്പെട്ട ആലപ്ര പ്രൊപ്പോസ്ഡ് റിസർവ്വ് വനത്തിന്റെ ഭാഗങ്ങളും, പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി</td></tr>
</table>

| | | | |
|---|---|---|---|
| | നിലനിൽക്കുന്ന MSA 1/81 കേസിൽ ഏതെല്ലാം സ്ഥലങ്ങൾ /സർവ്വേ നമ്പരുകൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുമോ? | | താലൂക്കിലെ പെരുംമ്പെട്ടി വില്ലേജിൽപ്പെട്ട വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വ് വനത്തിന്റെ ഭാഗങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**